**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1831** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ്;

**<u>മറുപടി:</u>** സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷൻ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്, NIPMR, NISH എന്നീ സ്ഥാപനങ്ങൾ മുഖേന സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം-I** ആയി ചേർത്തിരിക്കുന്നു.

**(ബി)** ഈ പദ്ധതികൾ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയിലും നിലവിൽ എത്ര തുക കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്;

**<u>മറുപടി:</u>** സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം-II** ആയി ചേർത്തിരിക്കുന്നു.

**(സി)** നിലവിൽ ഓരോ പദ്ധതിയുടെയും ഗുണഭോക്താകളുടെ എണ്ണം എത്രയാണ്; ഓരോന്നിലും അവസാനമായി ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയത് എന്നാണ്; വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ ഓരോ പദ്ധതിയുടെയും ഗുണഭോക്താകളുടെ എണ്ണം, ഓരോന്നിലും അവസാനമായി ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയ സമയം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം -III** ആയി ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം II

## സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | ആനുകൂല്യം | കുടിശ്ശിക |
|---|---|---|---|
| 1 | വിദ്യാകിരണം | ഭിന്ന ശേഷിക്കാരായ രക്ഷിതാക്കളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് | ഇല്ല |
| 2 | വിദ്യാജ്യോതി | എട്ടാം ക്ലാസ് കഴിഞ്ഞ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സൗജന്യ യൂണിഫോം, പഠന സാമഗ്രികൾ | ഇല്ല |
| 3 | സ്വാശ്രയ | ഭിന്നശേഷിക്കാരുടെ അമ്മമാർക്ക് സ്വയം തൊഴിൽ സഹായം | ഇല്ല |
| 4 | വിജയാമൃതം | പരീക്ഷകളിൽ മികച്ച വിജയം നേടിയവർക്കുള്ള ക്യാഷ് അവാർഡ് | ഇല്ല |
| 5 | പരിണയം | ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും വിവാഹധനസഹായം നൽകുന്ന പദ്ധതി | ഇല്ല |
| 6 | മാതൃജ്യോതി | ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി | ഇല്ല |
| 7 | സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി | സംസ്ഥാനത്ത് മാനസ്സിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്ന സർക്കാർ അംഗീകാരമുള്ള സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾക്ക് ഗ്രാന്റ് ഇൻ എയ്ഡ് അനുവദിക്കുന്ന പദ്ധതി | ഇല്ല |

| | | | |
|---|---|---|---|
| 8 | അതിജീവനം സമഗ്ര പദ്ധതി | 18 വയസ്സിനു മുകളിൽ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്ന എൻ.ജി ഒ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി | ഇല്ല |
| 9 | പ്രത്യാശ പദ്ധതി | വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിലും സംസ്ഥാനത്തെ സർക്കാർ മാനസ്സികാരോഗ്യ ആശുപത്രികളിലും മാനസ്സികരോഗം ഭേദമായിട്ടും/ നിയന്ത്രണ വിധേയമായിട്ടും സ്വന്തം വീട്ടുകളിൽ പോകാൻ കഴിയാത്ത ഇതര സംസ്ഥാനക്കാരെ സ്വന്തം വീട്ടിൽ / സംസ്ഥാനത്ത് എത്തിയ്ക്കുന്ന പദ്ധതി | ഇല്ല |
| 10 | ഡേ കെയർ പദ്ധതി ( Recovery Facilitation Unit) | മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മുതൽ കോഴിക്കോട് IMHANS ന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതി | ഇല്ല |
| 11 | പ്രചോദനം പദ്ധതി | ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി തൊഴിൽ പരിശീലനം, നൈപുണ്യവികസനം എന്നിവ നൽകുന്നസന്നദ്ധസംഘടനകൾക്ക്സർ ക്കാർ സഹായം അനുവദിയ്ക്കുന്നതിനുള്ളപുതിയപദ്ധതിയാണ് **പ്രചോദനം**പദ്ധതി | ഇല്ല |
| 12 | സഹജീവനം സഹായകേന്ദ്രം പദ്ധതി | കോവിഡ് 19 മഹാമാരിയെത്തുടർന്ന് സംസ്ഥാനത്തെ ഭിന്നശേഷിക്കാരായവർക്കും അവരുടെ മാതാപിതാക്കൾക്കും ആവശ്യമായ മാനസിക പിന്തുണ നൽകേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് അടഞ്ഞുകിടക്കുന്ന സ്പെഷ്യൽ സ്കൂൾ, ബഡ്സ് സ്കൂൾ എന്നിവ കേന്ദ്രീകരിച്ച് അവിടെ നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി ബ്ലോക്ക് തലത്തിൽ ആരംഭിക്കുന്നത്. | ഇല്ല |
| 13 | റെസ്പൈറ്റ് ഹോം | റെസ്പൈറ്റ് ഹോം എന്നത് ഭിന്നശേഷിയുള്ള വ്യക്തികൾക്ക് താത്ക്കാലികമായി അനുയോജ്യമായ സുരക്ഷിതമായ ഒരു | ഇല്ല |

| | | | |
|---|---|---|---|
| | | അന്തരീക്ഷത്തിൽ താമസിക്കുവാൻ അവസരമൊരുക്കുന്ന താത്ക്കാലിക ഇടമാണ്. | |
| 14 | വയോരക്ഷാ പദ്ധതി | മുതിർന്ന പൗരന്മാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ പുനരധിവാസം, ഭക്ഷണം, കെയർഗിവറുടെ സേവനം, അടിയന്തിര ചികിത്സാ ധനസഹായം എന്നിവ ലഭ്യമാക്കുന്ന പദ്ധതി | ഇല്ല |
| 15 | വയോഅമൃതം പദ്ധതി | സാമൂഹ്യനീതി വകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന ഓൾഡ് ഏജ് ഹോമുകളിലേയും സ്പെഷ്യൽ കെയർ ഹോമുകളിലേയും താമസക്കാർക്ക് ആയുർവേദ ചികിത്സാ രീതി പ്രകാരമുള്ള തെറാപ്പിയും മരുന്നും സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി. | ഇല്ല |
| 16 | മന്ദഹാസം പദ്ധതി | പ്രായാധിക്യത്തിൻറെ ഭാഗമായി ദന്ത നിരയ്ക്ക് കേട്പാട് സംഭവിച്ച മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്ത നിര സൗജന്യമായി വച്ച് നൽക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് മന്ദഹാസം. ദാരിദ്ര്യ രേഖയ്ക്ക്താഴെയുള്ള 60 വയസ്സ് തികഞ്ഞവരായിരിക്കണം ഗുണഭോക്താക്കൾ | ഇല്ല |
| 17 | വയോമധുരം പദ്ധതി | പ്രമേഹ രോഗ ബാധിതരായ മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ പഞ്ചസാരയുടെ അളവ് തിരിച്ചറിയാൻ സഹായിക്കുന്ന ഗ്ലൂക്കോമീറ്റർ എന്ന ഉപകരണം സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി. 2018-മുതൽ പദ്ധതി നിലിവിലുണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാവുന്നതാണ്. | ഇല്ല |
| 18 | ദുര്ബല ജനവിഭാഗത്തിന് സുരക്ഷിതത്വം നല്കുന്ന പദ്ധതി | അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞുതിരിയുന്നവരുടേയും, രോഗം ഭേദമായതിനു ശേഷം ആരും സ്വീകരിക്കാനില്ലാതെ ആശുപത്രിയിൽ തന്നെ കഴിയുവാൻ നിർബന്ധിതരായിട്ടുള്ള പ്രായപൂർത്തിയായ സ്ത്രീ പുരുഷൻമാരുടേയും സംരക്ഷണം ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിരാലംബരായവരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറായിട്ടുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏൽപിക്കുകയും ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുകയുമാണ് ഈ പദ്ധതി പ്രകാരം ചെയ്തു വരുന്നത്. | |

| | | | |
|---|---|---|---|
| | | ഈ പദ്ധതി പ്രകാരം സ്ഥാപനങ്ങൾക്ക് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം സംരക്ഷിക്കപ്പെടുന്ന അഗതികൾക്ക് 1500/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു. | |
| 19 | യത്നം പദ്ധതി | UPSC, ബാങ്കിംഗ് സർവീസസ്, RRB, KPSC, UGC/NET/JRF എന്നിവ പോലുള്ള മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക പദ്ധതിയാണ് യത്നം പദ്ധതി. പരീക്ഷാ തയ്യാറെടുപ്പിനാവശ്യമായ സാമ്പത്തികവും അക്കാദമികവുമായ പിന്തുണയാണ് പദ്ധതി ലക്ഷ്യമിടുന്നത്. | ഇല്ല |
| 20 | കരുതൽ പദ്ധതി | സാമൂഹിക പിന്തുണയില്ലായ്മ മൂലം അടിയന്തിര പ്രതിസന്ധികൾ നേരിടുന്ന ആവശ്യക്കാർ ആയ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഉടൻ സഹായം നൽകുന്നതാണ് കരുതൽ പദ്ധതിയുടെ പ്രധാന ലക്ഷ്യം. അടിയന്തിര ചികിത്സ, ഭക്ഷണം, താമസം, വസ്ത്രം, നിയമ സഹായം തുടങ്ങിയ ആവശ്യങ്ങൾക്കായി ജില്ല സാമൂഹ്യനീതി ഓഫീസർക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് മുൻപ് **₹25,000** വരെ അടിയന്തിര സഹായം അനുവദിക്കാം. | ഇല്ല |
| 21 | വർണം പദ്ധതി | വിദൂരംവിദ്യാഭ്യാസ (Distance Mode) രീതിയിൽ ഡിഗ്രി, ഡിപ്ലോമ, ബിരുദാനന്തര പഠനം നടത്തുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് വർണം. പ്രതിവർഷം 24,000/- രൂപയാണ് ഈ ഇനത്തിൽ ഒരു വിദ്യാർത്ഥിക്ക് ലഭിക്കുന്നത്. | ഇല്ല |
| 22 | സഫലം പദ്ധതി | റെഗുലർ മോഡിൽ പ്രൊഫഷണൽ ഡിഗ്രി, ബിരുദാനന്തര ബിരുദം, ഡിപ്ലോമ, സാങ്കേതിക കോഴ്സുകൾ എന്നിവ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ സഹായ പദ്ധതിയാണ് സഫലം. പ്രസ്തുത ബിരുദ പഠനത്തിനായി 1,00,000/- രൂപ വരെയാണ് നൽകിവരുന്നത്. | ഇല്ല |

| | | | |
|---|---|---|---|
| 23 | സമന്വയ പദ്ധതി | 4, 7, 10 ക്ലാസ്സുകൾ, പ്ലസ് വൺ, പ്ലസ് ടു എന്നിവയിൽ പഠനം തുടരുമെന്നാഗ്രഹിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാക്ഷരത വിദ്യാഭ്യാസ സഹായം നൽകുന്ന പദ്ധതിയാണ് സമന്വയ. കേരള സംസ്ഥാന സാക്ഷരത മിഷൻ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. | ഇല്ല |
| 24 | വിവാഹ സഹായ പദ്ധതി | നിയമപരമായി വിവാഹിതരായ ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് **₹30,000/-** രൂപയുടെ സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നു. വിവാഹം കഴിഞ്ഞ് **6 മാസത്തിനകം** അപേക്ഷിക്കണം. പരമാവധി **1 വർഷം** വരെ വൈകിയാൽ കാരണങ്ങൾ വ്യക്തമാക്കുന്ന സത്യവാങ്മൂലം (Affidavit) ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം. | ഇല്ല |
| 25 | ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സാമ്പത്തിക സഹായം | ലിംഗപരിവർത്തന (Gender Affirming Surgery) ശസ്ത്രക്രിയ നടത്തിയ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകുന്നതാണ് ഈ പദ്ധതി.<br><br>ട്രാൻസ്മെൻ – **5,00,000/-** രൂപ വരെ<br><br>ട്രാൻസ്വുമൺ –**2,50,000/-** രൂപ വരെ | ഇല്ല |
| 26 | ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞുള്ള പരിചരണ സഹായം | ലിംഗപരിവർത്തന ശസ്ത്രക്രിയയ്ക്ക് ശേഷം ശരീരം പൂർണമായി സുഖം പ്രാപിക്കുന്നതിനും പോഷകാഹാരത്തിനുമായി **12 മാസത്തേക്ക്** **₹36,000/-** രൂപയുടെ സഹായം നൽകുന്ന പദ്ധതിയാണിത്. | ഇല്ല |

| | | | |
|---|---|---|---|
| 27 | ഹോസ്റ്റൽ ഫീസ് സഹായം | ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായമാണ് ഈ പദ്ധതി. ഓരോ അക്കാദമിക് വർഷവും പുതിയ അപേക്ഷ ആവശ്യമാണ്, വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ സാക്ഷ്യപ്പെടുത്തൽ നിർബന്ധമാണ്.<br><br>നിലവിലെ സാമ്പത്തികവും വില സൂചികപരമായ കാരണങ്ങളും പരിഗണിച്ച് ഒരു വിദ്യർത്ഥിക്ക് ഒരു മാസം **4000/-** രൂപ എന്ന ക്രമത്തിൽ 10 മാസം വരെ തുക അനുവദിക്കുന്നു. | ഇല്ല |
| 28 | അനന്യം പദ്ധതി | ട്രാൻസ്ജെൻഡർ സമൂഹത്തിലെ കലാപരമായ കഴിവുകളും സർഗ്ഗാത്മകതയും വികസിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് അനന്യം. സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റം ലക്ഷ്യമിടുന്ന ഈ പദ്ധതി സമൂഹത്തിലെ ദൃശ്യതയും അംഗീകാരവും വർദ്ധിപ്പിക്കുക. | ഇല്ല |
| 29 | പ്രതിഭ പദ്ധതി | ബ്യൂട്ടി പേജന്റുകൾ, ബോഡി ബിൽഡിംഗ്, കലാ-കായിക മത്സരങ്ങൾ എന്നിവയിൽ പങ്കെടുക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാമ്പത്തിക പിന്തുണ നൽകുന്ന പദ്ധതിയാണ് പ്രതിഭ. സാമൂഹിക അംഗീകാരം വർധിപ്പിക്കുന്നതിൽ ഈ പദ്ധതി നിർണായകമാണ്.<br><br>ബോഡി ബിൽഡിംഗ് - 1,00,000/- രൂപ.<br><br>ബ്യൂട്ടി പേജന്റുകൾ -30,000/- രൂപ<br><br>കല-കായിക മത്സരങ്ങൾ- 25,000/- രൂപ എന്ന അനുപതത്തിലാണ് നൽകുന്നത്. | ഇല്ല |

| | | | |
|---|---|---|---|
| 30 | വിദേശ വിദ്യാഭ്യാസ സ്കോളർഷിപ്പ് | വിദേശത്ത് ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പഠനം നടത്താൻ ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പഠനച്ചെലവ്, വിസ, യാത്ര, ജീവിതച്ചെലവ് എന്നിവ മുഴുവനായി ഉൾക്കൊള്ളുന്ന സ്കോളർഷിപ്പ് പദ്ധതി | ഇല്ല |
| 31 | സുഭദ്രം- ട്രാൻസ്ജെൻഡർ ഭവന പദ്ധതി | LSGI / Kudumbashree / LIFE Mission / PMAY (U) പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് പരമാവധി ₹2 **ലക്ഷം** ഗ്യാപ് ഫണ്ട്.<br><br>**II.** സ്വന്തമായി ഭൂമിയുള്ള പക്ഷേ ലൈഫ്/കുടുംബശ്രീ ഗുണഭോക്താക്കളല്ലാത്തവർക്ക് പരമാവധി ₹6 **ലക്ഷം**.<br><br>**III.** സ്വന്തമായി ഭൂമിയോ, ഭവനമോ ഇല്ലാത്ത ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഭൂമി വാങ്ങുവാനും, ഭവനനിർമ്മാണത്തിനുമായി പരമാവധി 15 ലക്ഷം രൂപ വരെ സർക്കാർ തെരഞ്ഞെടുക്കുന്ന ഒരു ധനകാര്യ സ്ഥാപനം മുഖേന വായ്പ അനുവദിക്കുന്നതാണ്. വായ്പയുടെ പലിശ വകുപ്പ് നൽകുന്നതാണ്. | ഇല്ല |
| 32 | സ്വയംതൊഴിൽ ധനസഹായ പദ്ധതി | ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനായി കേരള വനിത വികസന കോർപ്പറേഷൻ വഴി ₹3 ലക്ഷം വരെ വായ്പ ലഭ്യമാക്കുന്ന പദ്ധതി | ഇല്ല |
| 33 | സാകല്യം പദ്ധതി – തൊഴിൽ പരിശീലനം | തൊഴിൽ നൈപുണ്യ പരിശീലന പദ്ധതിയാണിത്. Kerala Knowledge Economy mission – ന്റെ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ ജില്ലാസാമൂഹ്യനീതിഓഫീസ് മുഖേനയും ഈ പദ്ധതി നടപ്പിലാക്കുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തൊഴിൽ പരിശീലനം നൽകി സ്വയംപര്യാപ്തരാക്കുകയാണ് ലക്ഷ്യം. വിദ്യാഭ്യാസ യോഗ്യത നിർബന്ധമല്ല, | ഇല്ല |

| | | | |
|---|---|---|---|
| 34 | ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 7-ാം ക്ലാസ് മുതൽ ഉന്നത വിദ്യാഭ്യാസം വരെ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് മാസവേതനാടിസ്ഥാനത്തിൽ സ്കോളർഷിപ്പ്.<br>• 7–10 ക്ലാസ് : **₹1,000 × 10 മാസം**<br>• പ്ലസ് 1 / പ്ലസ് 2 : **₹1,500 × 10 മാസം**<br>• ഡിപ്ലോമ / ഡിഗ്രി / പി.ജി / പ്രൊഫഷണൽ : **₹2,000 × 10 മാസം** | ഇല്ല |
| 35 | മിശ്രവിവാഹ ധനസഹായ പദ്ധതി | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒഴികെയുള്ള സാമ്പത്തിക ദുരിതം അനുഭവിക്കുന്ന മിശ്ര വിവാഹ ദമ്പതികൾക്ക് 30,000/- രൂപ വീതം ധനസഹായം അനുവദിക്കുന്ന പദ്ധതി. | 3817 |

**കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

**1. ആശ്വാസകിരണം പദ്ധതി :** ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. നിലവിൽ 600/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്. ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് കുടിശ്ശിക തുക പൂർണ്ണമായും അനുവദിക്കുവാൻ സാധിച്ചു. 2025 നവംബർ മാസം വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറക്ക് തുടർന്നുള്ള ധനസഹായം അനുവദിക്കുന്നതാണ്.

**2. സ്നേഹസ്പർശം പദ്ധതി** : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം പദ്ധതി. നിലവിൽ 2000/- രൂപ വീതമാണ്

പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്. ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് കുടിശ്ശിക തുക പൂർണ്ണമായും അനുവദിക്കുവാൻ സാധിച്ചു. 2025 ഡിസംബർ മാസം വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.

**3. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(എ). ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിൻറേയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിൽസ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്നേഹസാന്ത്വനം പദ്ധതി.

(ബി). കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി. നിലവിൽ 700/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.

(സി). എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 വരെയുള്ള ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള

ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11,12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

(ഡി). കാസർഗോഡ് ജില്ലയിലെ പെരിയ, കാറഡുക്ക, മുളിയാർ, കയ്യൂർ ചീമേനി, ബെള്ളൂർ, കുമ്പഡാജെ എന്നീ 6 ബഡ്സ് സ്കൂളുകളെ മാതൃക ശിശു വികസന കേന്ദ്രങ്ങളാക്കി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ആവശ്യമായ ഫർണിചറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുകയും ആവശ്യമായ ജീവനക്കാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള, എൻമകജെ, പനത്തടി, ബദിയടുക്ക, കള്ളാർ എന്നീ പഞ്ചായത്തുകളിലെ 4 ബഡ്സ് സ്കൂളുകൾ കൂടി ഏറ്റെടുത്ത് സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ സിഡ്കോയിൽ നിന്നും മറ്റ് തെറാപ്പി ഉപകരണങ്ങൾ നിപ്മറിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ 10 MCRC കളിൽ Solar Plant സ്ഥാപിക്കുന്നതിന് ANERT മായി ചേർന്ന് കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് 2025 ഡിസംബർ മാസം വരെയുള്ള ധനസഹായം അനുവദിച്ചു. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നടപ്പ് വർഷത്തെ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**4. വയോമിത്രം പദ്ധതി :** സംസ്ഥാനത്തെ മുനിസിപ്പൽ/കോർപ്പറേഷനുകൾ/ ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ ആരോഗ്യ പരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന വയോമിത്രം പദ്ധതി കേരള സാമൂഹിക സുരക്ഷാ മിഷൻ നടപ്പിലാക്കുന്നു. നിലവിൽ 95 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 104 യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ടി പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വയോജനങ്ങൾക്ക് ഹെല്പ് ഡെസ്ക് സേവനം, വയോജനങ്ങൾക്കുള്ള കൗൺസിലിങ്, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ പരിശോധന മരുന്ന് വിതരണം, പാലിയേറ്റീവ് കെയർ, വാതിൽപ്പടി സേവനം, മൊബൈൽ

ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ എന്നിവ നൽകി വരുന്നു. ഇതിന് പുറമെ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം പ്രധാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരനമാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു. വയോമിത്രം ഒരു ധനസഹായ പദ്ധതി അല്ല. പദ്ധതിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് 2025 ഡിസംബർ മാസം വരെയുള്ള വേതനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിക്കായി മരുന്ന് വാങ്ങിയ വകയിൽ KMSCL ന് 30 കോടി രൂപ കുടിശ്ശികയുണ്ട്.

**<u>5. സ്നേഹപൂർവ്വം പദ്ധതി</u> :** മാതാപിതാക്കൾ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. ഇത്തരം കുട്ടികൾ അനാഥാലയങ്ങളിൽ എത്തിപ്പെടാതെ സ്വഭവനങ്ങളിലോ ബന്ധുഗൃഹങ്ങളിലോ താമസിച്ച് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്. ഐ.വി ബാധിതരായ കുട്ടികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപ വീതവും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിലും ഐ.ടി.ഐ, പോളിടെക്നിക് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതവും ഡിഗ്രി, പ്രൊഫഷണൽ കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1000/- രൂപ വീതവുമാണ് ധനസഹായം അനുവദിക്കുന്നത്. ഒരു അദ്ധ്യയന വർഷം പരമാവധി പത്ത് മാസത്തെ ധനസഹായമാണ് അനുവദിക്കുന്നത്.

സ്നേഹപൂർവ്വം പദ്ധതി പ്രകാരം 10 മാസത്തെ ധനസഹായമാണ് ഒരു സാമ്പത്തിക വർഷം അനുവദിക്കുന്നത്. ഈ സാമ്പത്തിക വർഷം അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് 6 മാസത്തെ ധനസഹായം അനുവദിച്ചു. ബാക്കിയുള്ള 4 മാസത്തെ തുക വിതരണം

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മുൻ അധ്യയന വർഷങ്ങളിലെ കുടിശ്ശികയായി 39.75 കോടി രൂപ അനുവദിക്കുവാനുണ്ട്.

**6. സമാശ്വാസം പദ്ധതി** : വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപ വീതവും വൃക്ക, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപ വീതവും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപ വീതവും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപ വീതവും അനുവദിച്ചു വരുന്നു.

ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് കുടിശ്ശിക തുക പൂർണ്ണമായും അനുവദിക്കുവാൻ സാധിച്ചു. 2025 ഡിസംബർ മാസം വരെയുള്ള ധനസഹായം അനുവദിച്ചു.

**7. വി കെയർ പദ്ധതി** :

സഹായമർഹിക്കുന്ന ദുർബല ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കരുതലും സുരക്ഷയും നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച ജീവകാരുണ്യ പദ്ധതിയാണ് വി കെയർ. ഭാരിച്ച ചികിത്സാ ചെലവുകൾക്കും സങ്കീർണ്ണമായ രോഗമുള്ളവർക്കും ആശ്വാസമെത്തിക്കാനാണ് വി കെയർ എന്ന പദ്ധതി. ജീവൻ രക്ഷാ ചികിത്സകൾക്കും ശസ്ത്രക്രിയയ്ക്കും അതോടനുബന്ധിച്ചുള്ള ആശുപ്രതി ചികിത്സാ ചെലവിനും നിബന്ധനകൾക്കു വിധേയമായും മാനദണ്ഡങ്ങളനുസരിച്ചും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, സി.എസ്സ്.ആർ ഫണ്ട് എന്നിവയിൽ നിന്നും ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള നിക്ഷേപ സമാഹരണം

നടത്തുകയും ഇത്തരത്തിൽ സമാഹരിക്കുന്ന തുക ഉപയോഗിച്ച് ജീവ കാരുണ്യ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് വി കെയർ പദ്ധതിയുടെ ലക്ഷ്യം.

വി കെയർ പദ്ധതിയിലൂടെ ജീവൻ രക്ഷാ ശസ്ത്രക്രിയകൾക്കും അതിനോടനുബന്ധിച്ചുള്ള ആശുപത്രി കിടത്തി ചികിത്സകൾക്കും മാത്രമായി ധനസഹായം അനുവദിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത ധനസഹായം ബന്ധപ്പെട്ട ആശുപത്രി/ സ്ഥാപനങ്ങളുടെ അക്കൌണ്ടുകളിലേക്ക് മിഷൻ നേരിട്ട് അനുവദിക്കുന്നതിനാൽ നിലവിൽ കുടിശ്ശിക ഇല്ല.

**<u>8. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി</u> :** സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. കൂടാതെ ദേശീയ തലത്തിൽ വൈകല്യമുള്ള വ്യക്തികളുടെ സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കുന്നതിനും, ഇവർക്ക് ദേശീയ തലത്തിൽ ഏകീകൃത രൂപത്തിലുള്ള തിരിച്ചറിയൽ കാർഡുകൾ (UDID – Unique ID for Persons with Disabilities) നൽകുന്നതിനുമുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെൻറിൻറെ Ministry of Social Justice & Empowerment, Department of Empowerment of Persons with Disabilities രൂപം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ Software ഉം ദേശീയ തലത്തിൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന 13 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു.

**<u>9. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി):</u>** Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് മിഠായി പദ്ധതി. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ കോഴിക്കോട് എന്നീ

മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെൻററുകളിൽ ഒരു എം.എസ്.സി നഴ്സിൻറെയും ഡയറ്റീഷ്യൻറെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. മിഠായി ക്ലിനിക് ഇല്ലാതിരുന്ന ജില്ലകളിൽ സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം 2022 ഏപ്രിൽ മുതൽ ആരംഭിച്ചു. ഇൻസുലിൻ മരുന്ന്, രക്തത്തിലെ ഗ്ലൂക്കോസ് മോണിറ്റർ ചെയ്യുവാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ സാറ്റലൈറ്റ് സെന്റർ മുഖേന നൽകി വരുന്നു.

ഈ പദ്ധതിയിൻ കീഴിൽ ആരംഭിച്ചിട്ടുള്ള പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ വഴി അർഹരായ കുട്ടികൾക്ക് ചികിത്സാ സഹായം നൽകി വരുന്നു. പദ്ധതിക്കായി മരുന്ന് വാങ്ങിയ വകയിൽ KMSCL ന് 6 കോടി രൂപ കുടിശ്ശികയുണ്ട്.

**<u>10. ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്</u>** : സംസ്ഥാന ജനസംഖ്യയുടെ 12.6 ശതമാനം 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവരാണ് പ്രായമേറും തോറും വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളും മാനസിക പ്രയാസങ്ങളും പ്രശ്നങ്ങളും വന്നുചേരുന്നു. ഇപ്രകാരമുള്ള പ്രയാസങ്ങളിൽ ഏറെ പ്രാധാന്യമുള്ളതും ഗൗരവമായ വ്യക്തികത സാമൂഹ്യ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതുമായ ഒരു അവസ്ഥയാണ് മേധാക്ഷയം അഥവാ ഓർമ്മക്കുറവ്. ഇത് പ്രായത്തിന്റെ സ്വാഭാവിക പരിണാമം എന്ന രീതിയിൽ ഡോക്ടർമാരെ കാണുകയോ പ്രതിവിധികൾ തേടുകയോ ചെയ്യാറില്ല ഡിമെൻഷ്യ ഉൾപ്പെടെയുള്ള പല ബുദ്ധിമുട്ടുകളും പ്രധാനമായും പ്രായം മൂലമാണ് ഉണ്ടാകുന്നത് എങ്കിൽപോലും ഇവ നേരത്തെ കണ്ടുപിടിക്കുകയും അനുയോജ്യമായ ഇടപെടലുകളും ഔഷധങ്ങളും നൽകുന്നതിലൂടെ ഇത്തരം അവസ്ഥയുടെ വളർച്ച കുറയ്ക്കാനും ഓർമ്മക്കുറവുമൂലം ഉണ്ടാകുന്ന പെരുമാറ്റ മാറ്റങ്ങളുടെ തീവ്രത കുറയ്ക്കാനും കഴിയുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഡിമൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ***ഡിമൻഷ്യ സൗഹൃദ കേരളം*** എന്ന ഒരു നൂതന പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പ് ഈ വർഷം തുടക്കം കുറിക്കുകയും ചെയ്തിരിക്കുകയാണ്. **'ഓർമ്മത്തോണി'** എന്ന പേര് നൽകിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ

സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടമായി വയോമിത്രം ഗുണഭോക്തക്കൾക്കിടയിൽ സ്ക്രീനിംഗ് നടത്തുന്നതിനു വേണ്ട നടപടികൾ മിഷൻ സ്വീകരിക്കുന്നു. ഇതിന്റെ ഭാഗമായി വയോമിത്രം ജീവനക്കാർക്ക് 8 ഘട്ടമായി വേണ്ട ട്രെയിനിംഗ് നൽകുകയും, IEC പ്രവർത്തനങ്ങളുടെ ഭാഗമായി ബുക്ക്ലെറ്റ് പ്രിന്റ് ചെയ്തു വിതരണം ചെയ്തിട്ടുണ്ട്. ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് KMSCL നു 15 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതോടൊപ്പം നഗരസഭ പ്രദേശത്ത് മുതിർന്നവർക്കിടയിൽ സ്ക്രീനിംഗ് നടത്തുന്നതിന് ആശാ പ്രവർത്തകർക്ക് ട്രെയിനിംഗ് നൽകുന്നതാണ്. നിലവിൽ ഓർമ്മത്തോണി' പദ്ധതിക്ക് കുടിശ്ശിക ഒന്നും തന്നെ ഇല്ല.

## സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (SID)

സംസ്ഥാനത്തൊട്ടാകെ ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട പദ്ധതികളാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിലൂടെ (SID) **അനുയാത്ര** എന്ന പേരിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി വൈകല്യം എത്രയും നേരത്തെ കണ്ടെത്തുന്നതിനും, ഇടപെടുന്നതിനും, സൗജന്യമായി ചികിത്സ, വിവിധ തെറാപ്പികൾ, പരിശീലനം തുടങ്ങിയവ നൽകുന്നതിനുമുള്ള സംവിധാനങ്ങളാണ് നടപ്പാക്കി വരുന്നത്. സാമ്പത്തികമായ ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളൊന്നും തന്നെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പിലാക്കുന്നില്ല.

## NISH മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

**നിഷ് മുഖേന നടത്തപ്പെടുന്ന പദ്ധതികളുടെയും ഗുണഭോക്താക്കളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

- ശ്രവണ, സംസാര ഭാഷാ വൈകല്യങ്ങളുടെ പ്രോഗ്രാം
- ഏർലി ഇന്റെർവെൻഷൻ പ്രോഗ്രാം
- ന്യൂറോ ഡെവലപ്മെൻററൽ സയൻസസ് പ്രോഗ്രാം
- സൈക്കോളജി, മെഡിക്കൽ, അനുബന്ധ സേവനങ്ങൾ
- അക്കാദമിക് പ്രോഗ്രാം
- ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് (എച്ച്. ഐ) – BSc computer science (HI)
- ബാച്ച്ലർ ഓഫ് ഫൈൻ ആർട്സ് (എച്ച്.ഐ ) BFA (HI)
- ബാച്ച്ലർ ഓഫ് കോമേഴ്സ് (എച്ച്.ഐ) B.Com (HI)

- ബാച്ച്‌ലർ ഓഫ് ഓഡിയോളജി ആന്റ് സ്വിച്ച് ലാംഗ്വേജ് പത്തോളജി (BASLP)
- ബാച്ചിലർ ഓഫ് ഒക്കുപേഷണൽ തെറാപ്പി (BoT)
- MSc ഓഡിയോളജി & MSc സ്പീച്ച് ലാംഗ്വിജ് പത്തോളജി
- ഉന്നത വിദ്യാഭ്യാസ ഫൌണ്ടേഷൻ പ്രോഗ്രാം
- ഒക്യൂപേഷണൽ തെറാപ്പി പ്രോഗ്രാം
- ആക്സസബിൾ ബ്ലക്ക് ക്രേഷൻ പദ്ധതി ഒരു കഥാബുക്ക് പലതരം ഭിന്നശേഷിക്കാർക്ക് ഒരു പോലെ ഉപയോഗമാകും വിധം വികസിപ്പിക്കുക.
- ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കൂളുകളിൽ വിതരണം ചെയ്യുക. ഇത്തരത്തിലുള്ള മൂന്ന് കഥാബുക്കുകൾ സാമൂഹ്യനീതി വകുപ്പിന്റ ധനസഹായത്തോടെ നിഷ് പൂർത്തിയാക്കി
- ഭിന്നശേഷിക്കാരിൽ സംരംഭകത്വം വളർത്താനും, നൂതന ആശയങ്ങൾ വികസിപ്പിക്കാനുമുള്ള പദ്ധതി (I-YWD). സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ വ്യക്തികളിൽ നിന്നും സമൂഹത്തിലെ നിലവിലുള്ള ഒരു പ്രശ്നം പരിഹരിക്കാൻ നൂതന ആശയങ്ങൾ ഉള്ളവരെ കണ്ടെത്തി അവർക്ക് അവരുടെ ആശയങ്ങൾ വികസിപ്പിച്ചെടുക്കുവാനും ഒരു സംരംഭമാക്കി മാറ്റുവാനുമുള്ള പരിശീലനം നൽകുക.

സ്ട്രക്ചേർഡ് ആൻഡ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത് ഡിസെബിലിറ്റി (STEPP) : കുട്ടികളുടെ ഭിന്നശേഷി തിരിച്ചറിയുന്ന സമയത്തു മാതാപിതാക്കൾക്ക് ഉണ്ടായപേക്കാവുന്ന മാനസികബുദ്ധിമുട്ടുകൾക്ക്, കൗൺസിലിംഗ് നല്കുക. കുട്ടിയുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി മാതാപിതാക്കളെ സഹായിക്കുക, അതതു ഭിന്നശേഷി മേഖലയിൽ അവർക്കുള്ള വിജ്ഞാനം വർധിപ്പിക്കാനായി വെബ്ബിനാറുകളും, ശാക്തീകരണ പരിപാടികളും സംഘടിപ്പിക്കുക. മാതാപിതാക്കൾ അറിയേണ്ടതായിട്ടുള്ള വിഷയങ്ങളെക്കുറിച്ചുള്ള ലഘുലേഖകൾ നല്കുക.

- ഇന്നവേഷൻ ബൈ യൂത്ത് വിത് ഡിസെബിലിറ്റീസ് (-YwD)
- നിഷ്-ഉം കേരള സാങ്കേതിക സർവ്വകലാശാലയു ധാരണാ പത്രം ഒപ്പ വച്ചു കേരള ടെക്‌നോളജിക്കൽ യൂണിവേഴ്സിറ്റി, ഇന്നവേഷൻ ബൈയൂത്ത് വിത്ത് ഡിസെബിലിറ്റീസ് എന്ന പദ്ധതിയിൽ ഔദ്യോഗിക യൂണിവേഴ്സിറ്റി പങ്കാളിയായി ധാരണാപത്രത്തിൽ (എം.ഒ.യു. ) ഒപ്പു വച്ചു. കേരളത്തിലെ 15 കോളേജുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നു. നിഷ്- സെൻസറി പാർക്ക് സഫൽ സെൻസറിയം : ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ചലനശേഷി മെച്ചപ്പെടുത്താനും, മാനസിക-സാമൂഹിക വളർച്ചയെ ത്വരിതപ്പെടുത്താനും നൂതന സാമഗ്രികൾ അടങ്ങിയ സെൻസറി പാർക്ക്, രണ്ടു മുതല് പന്ത്രണ്ടു വയസ്സുവരെ പ്രായമുള്ള വിവിധ ഭിന്നശേഷിക്കാർക്ക് ഉപയോഗപ്രദമാക്കുക.
- ഏകികൃത ആംഗ്യഭാഷാ അക്ഷരമാല വികസനം മലയാള ഭാഷയിൽ ഒരു ഏകീകൃത ഫിംഗർ സ്പെല്ലിംഗ് (finger spelling) ഉണ്ടാക്കുകയും അത് പ്രചരിപ്പിക്കുകയും, ഭാവിയിൽ അത് ശ്രവണ പരിമിതർക്കായുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുക.
- സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്നു ഭിന്നശേഷിക്കാർക്കായുള്ള 24X7 ഹെൽപ് ലൈൻ : കോവിഡ് 19, കാലാവസ്ഥാ വ്യതിയാനങ്ങൾ. പ്രകൃതി ദുരന്തം എന്നിവയുമായി ബന്ധപ്പെട്ട് ശ്രവണപരിമിതർക്കുണ്ടായേക്കാവുന്ന സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും മറുപടി പറയുക, ഈ സാഹചര്യങ്ങൾ എത്രത്തോളം കരുതലോടെ നേരിടണം എന്ന അവബോധം അവരിലേയ്ക്കെത്തിക്കുക.
- കേരളാഗവൺമെൻറ് സ്ഥാപനങ്ങളുമായി ചേർന്ന്, ഓണലൈൻ ഡിസെബിലിറ്റി അവയർനസ്സ് സെമിനാർ (NIDAS): ഭിന്നശേഷിയുടെ അനന്തര ഫലങ്ങളെ കുറിച്ചും, ഭിന്നശേഷിയുള്ളവരുടെ പരിചരണം എങ്ങനെഫലപ്രദമായി സാധ്യമാക്കാം എന്നിവ സംബന്ധിച്ചും പരിക്ഷകർത്താക്കൾക്കും പരിപാലകർക്കും ധാരണയുണ്ടാക്കുക
- നിഷിന്റെ സേവനം മധ്യകേരളത്തിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന കാണക്കാരി പഞ്ചായത്തിൽ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉള്ള കുട്ടികൾക്കായി പാരന്റ്സ് അസിസ്റ്റഡ് കമ്മ്യൂണിക്കേഷൻ ആൻഡ് ലിറ്ററസി പ്രോഗ്രാം (പരിവർത്തൻ) എന്ന പേരിൽ ഒരു പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു.